ഭരണഭാഷ- മാതൃഭാഷ

ICDS/A6- 7887/2020

വനിതശിശു വികസനഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :13/10/2020
ഇ-മെയിൽ swdicds@gmail.com
ഫോൺ നമ്പർ 0471-2346534

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലവനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസനഓഫീസർമാർക്കും,

വിഷയം:വനിത ശിശു വികസന വകുപ്പ് -സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനങ്ങളുടെ വിവരശേഖരണം.റിപ്പോർട്ടിംഗ്- സംബന്ധിച്ച്.

സൂചന:1)GO(Rt)No.439/2020SJD TVM Dated24/08/20
2)ഈ കാര്യാലയത്തിൽനിന്ന് പുറപ്പെടുവിച്ച 10/08/2020 ലെ I CDS/A6- 7373/2020 നമ്പർ പരിപത്രം
3) ഈ കാര്യാലയത്തിൽനിന്നുള്ള 15/09/2020 ലെ ICDS/A6- 6320/2020 നമ്പർ കത്ത്.

വകുപ്പ് വിഭജനത്തിന്റെ ഭാഗമായി സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി വനിതശിശുവികസനവകുപ്പിന്റെ കീഴിൽ വന്നതിനാൽ സ്കൂൾ കൗൺസിലേഴ്സിന്റെ നിയമനം,മേൽനോട്ടം ,റിപ്പോർട്ടിംഗ് എന്നിവ വ്യക്തമാക്കി സൂചന (1)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നാളിതുവരെ സ്കൂൾ കൗൺസിലേഴ്സിന്റെ പ്രതിമാസ അവലോകനം,പ്രതിമാസ റിപ്പോർട്ടുകളുടെ സമാഹരണം ,റിപ്പോർട്ടിംഗ് എന്നിവ പ്രോഗ്രാം ഓഫീസർമാരാണ് നിർവ്വഹിച്ചുവന്നിരുന്നത്.സ്കൂൾ കൗൺസിലേഴ്സിന്റെ controlling Officer മാരായി ജില്ലവനിത ശിശുവികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയതിനാൽ തുടർന്നുള്ള അവലോകനം, വിവരശേഖരണം,റിപ്പോർട്ടിംഗ് തുടങ്ങിയവ നടത്തുന്നതിന് ജില്ലവനിത ശിശുവികസന ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു.കൂടാതെ സൂചന(2)ലെ പരിപത്രപ്രകാരമുള്ള റിപ്പോർട്ടും ജില്ലവനിത ശിശുവികസനഓഫീസർമാർ നൽകേണ്ടതാണ്. DMHPയുമായിബന്ധപ്പെട്ട് സ്കൂൾ കൗൺസിലർമാർ നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരശേഖരണം ,റിപ്പോർട്ടിംഗ് തുടങ്ങിയവ പ്രോഗ്രാം ഓഫീസർമാർതന്നെ തുടർന്നും നടത്തേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ(റിപ്പോർട്ടുകൾ ഉൾപ്പടെ) ജില്ലാവനിതശിശുവികസനഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി